ഉത്തരം

(എ) 29-5-1970-ൽ ഒപ്പുവച്ച ഭേദഗതിക്കരാറിലെ പ്രധാന തീരുമാനങ്ങൾ/ വ്യവസ്ഥകൾ താഴെ പറയുന്നവയാണ്.

1. മൂലക്കരാറിൽ മത്സ്യബന്ധനത്തിന് തമിഴ്നാടിന് നല്കിയിരുന്ന അവകാശം എടുത്തുകളയുകയും കേരളത്തിന് അതിനുള്ള അവകാശം നൽകുകയും ചെയ്തു.

2. ഏക്കറൊന്നിന് 5 രൂപ നിരക്കിൽ മൂലക്കരാറിൽ നിശ്ചയിച്ചിരുന്ന പാട്ടത്തുക 30 രൂപയായി ഉയർത്തി.

3. ഈ തുക 30 വർഷം കൂടുമ്പോൾ പുതുക്കാൻ വ്യവസ്ഥ ചെയ്തു.

ഇതേ തീയതിയിൽത്തന്നെ പെരിയാർ ജലവൈദ്യുത പദ്ധതി സംബന്ധിച്ച അനുബന്ധക്കരാറും ഒപ്പുവയ്ക്കുകയുണ്ടായി. ഈ കരാറുകൾ കേരളത്തെ പ്രതിനിധീകരിച്ച അന്നത്തെ വാട്ടർ ആന്റ് പവർ വകുപ്പു സെക്രട്ടറി ശ്രീ. കെ. പി. വിശ്വനാഥൻനായരാണ് ഒപ്പുവച്ചത്. സാക്ഷികളായി പൊതുമരാമത്ത് വകുപ്പു സെക്രട്ടറി ശ്രീ. ആർ. ഗോപാലസ്വാമിയും നിയമവകുപ്പു സെക്രട്ടറി ശ്രീ. പി. ശങ്കുണ്ണിമേനോനും ഒപ്പു വച്ചു.

(ബി) അനുബന്ധ കരാർ ഒപ്പുവയ്ക്കുന്നതിന് മുൻപ് പലഘട്ടങ്ങളിലും അന്നത്തെ മന്ത്രിസഭകൾ ചർച്ച നടത്തിയിട്ടുള്ളതായി കാണുന്നു.

തമിഴ്നാട്ടിന്റെ അനധികൃത നിർമ്മാണങ്ങൾ

62 (996) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 3-3-1994-ലെ നിയമസഭാ അഡ്ഹോക്ക് കമ്മിറ്റി റിപ്പോർട്ടിൽ പറയുന്ന ഷോളയാറിലെ അഡിഷണൽ സ്പിൽവേ, സർക്കാർ പതിസർജ്ഷാഫ്റ്റ് ഡൈവേർഷൻ, കാടമ്പാറ ഡാം നിർമ്മാണം തുടങ്ങിയ കരാർ ലംഘിച്ചു കൊണ്ടുള്ള നിർമ്മാണ പണികൾക്ക് കേരള സർക്കാർ തമിഴ്നാടിന് അനുവാദം കൊടുത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അനുവാദ നടപടിയുടെ പകർപ്പു നൽകുമോ ;

(സി) ഇല്ലെങ്കിൽ തമിഴ്നാടിനെതിരെ എന്തു നടപടികളാണ് ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ;

(ഡി) തമിഴ്നാടിന്റെ കരാർ വിരുദ്ധ നിർമ്മാണ പണികൾകൊണ്ട് കേരളത്തിന് ഏതെല്ലാം സ്ഥാനത്ത് പ്രതിവർഷം എത്ര ഘനയടി ജലമാണ് നഷ്ടമായതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) ഈ നിർമ്മാണങ്ങൾക്ക് സംസ്ഥാന സർക്കാർ അനുമതി നല്കിയതായി കാണുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

അഡ്ഹോക്ക് കമ്മിറ്റി അതിന്റെ റിപ്പോർട്ടിൽ പറമ്പിക്കുളം-ആളിയാർ പദ്ധതി കരാറിനെക്കുറിച്ചു ആറ് ലംഘനങ്ങളാണ് ചൂണ്ടിക്കാണിച്ചത്. ഈ ലംഘനങ്ങൾ അന്നത്തെ മുഖ്യമന്ത്രി തമിഴ്നാട് മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. തമിഴ്നാട് സർക്കാരിൽ നിന്ന് ലഭിച്ച മറുപടിയിൽ കരാർ ലംഘനങ്ങൾ ഒന്നുംതന്നെ നടത്തിയിട്ടില്ലെന്നാണ് അറിയിച്ചത്. അഡ്ഹോക്ക് കമ്മിറ്റി ചൂണ്ടിക്കാണിച്ച മിക്ക കാര്യങ്ങളും കരാർ പുനരവലോകനം ചെയ്യുന്നത് സംബന്ധിച്ചുള്ളവയാകയാൽ പുനരവലോകനവേളയിൽ പരിഗണിക്കേണ്ടവയാണ്.

(ഡി) ഈ കാര്യങ്ങൾ പഠിക്കാനായി അന്തർ സംസ്ഥാന നദീജലം കൈകാര്യം ചെയ്യുന്ന ചീഫ് എൻജിനീയർ കൺവീനറായി ഒരു കമ്മിറ്റിയെ നിയോഗിച്ചിരുന്നു. ഈ കമ്മിറ്റിയുടെ അന്തിമ റിപ്പോർട്ട് ലഭ്യമായാലേ ജല നഷ്ട മുണ്ടോയെന്നും മറ്റും മനസ്സിലാക്കാനാവുകയുള്ളൂ.

മുല്ലപ്പെരിയാർ ഡാമിന്റെ ഉയരം കുറയ്ക്കാൻ നടപടി

63 (997) ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുല്ലപ്പെരിയാർ ഡാമിന് ഏതെല്ലാം തരത്തിലുള്ള ബലക്ഷയം ഉണ്ടായിട്ടുണ്ട് ;

(ബി) ഭൂചലനംമൂലം ഡാമിന്റെ അടിത്തട്ടിലെ പാറയ്ക്കും ജലാശയത്തിനും ചുറ്റുപാടുമുള്ള പ്രദേശത്തിനും എന്തെല്ലാം മാറ്റങ്ങളാണ് ഉണ്ടായിട്ടുള്ളത് ;

(സി) മുല്ലപ്പെരിയാർ ഡാമിന്റെ ബലക്ഷയത്തിനും ഭൂചലനംമൂലം ഡാമിന്റെ അടിത്തട്ടിനും ജലാശയത്തിനും ചുറ്റുപാടുമുള്ള പ്രദേശത്തിനും ഉണ്ടായിട്ടുള്ള വ്യതിയാനങ്ങളുടെ അടിസ്ഥാനത്തിൽ ഡാമിന് അപകടമുണ്ടാകാനിടയുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതെങ്ങനെ പരിഹരിക്കാമെന്ന് പറയുമോ ;

(ഇ) പ്രസ്തുത ഡാമിന്റെ താഴെയുള്ള ജില്ലകളിലെ ജനങ്ങളുടെ ജീവനും സ്വത്തിനും പരിരക്ഷ നല്കുന്നതിന്റെ ഭാഗമായി പ്രസ്തുത ഡാമിന്റെ ഉയരം കുറയ്ക്കുവാൻ നടപടി എടുക്കുമോ ?

ഉത്തരം

(എ) 1895-ൽ കമ്മീഷൻ ചെയ്ത മുല്ലപ്പെരിയാർ ഡാമിന് ഒരു നൂറ്റാണ്ടിന്റെ കാലപ്പഴക്കവും ആധുനിക സാങ്കേതികത ഇല്ലാതെയുള്ള പുരാതന രീതിയിലുള്ള നിർമ്മാണവും മൂലമുള്ള ബലക്ഷയമാണ് പ്രധാനമായും ഉള്ളത്. അടുത്തകാലത്തുണ്ടായ ഭൂചലനംമൂലം എന്തെങ്കിലും സാരമായ തകരാറുകൾ ഉണ്ടായിട്ടുണ്ടോയെന്ന് പഠനം നടത്തിവരുന്നതേയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly